ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08.01.2025**

## പ്രധാനവാർത്തകൾ

1. **ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകൾ ചർച്ച ചെയ്യാൻ സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ഇന്ന്.**

2. **രണ്ടു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും.**

3. **തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും ; പോയിന്റ് നിലയിൽ തൃശൂർ ഒന്നാമത് ; കണ്ണൂരും പാലക്കാടും തൊട്ടു പിന്നിൽ.**

4. **പെരിയ ഇരട്ടക്കൊല കേസിൽ നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടതി സ്റ്റേ ചെയ്തു.**

5. **ശബരിമലയിൽ വൻ ഭക്തജനത്തിരക്ക് ; നിലക്കലിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിൽ.**

6. **ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഡൽഹിയെ നേരിടും.**

******************************************

RNU TVPM

## പ്രധാനമന്ത്രി - ആന്ധ്രാപ്രദേശ്

ആന്ധ്രാപ്രദേശിൽ രണ്ട് ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. വിശാഖപട്ടണത്തിൽ ഒരു ലക്ഷത്തി 85,000 കോടി രൂപാ ചെലവിൽ നിർമിക്കുന്ന അത്യാധുനിക ഗ്രീൻ ഹൈഡ്രജൻ ഹബ് പദ്ധതിയ്ക്ക് അദ്ദേഹം തറക്കല്ലിടും. വൈകിട്ട് ആന്ധ്രാ യൂണിവേഴ്സിറ്റി എഞ്ചിനീറിങ് കോളേജ് മൈതാനത്ത് നടക്കുന്ന പൊതുയോഗത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും.

*****************************************

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകൾ ചർച്ച ചെയ്യാൻ സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ഇന്ന് ചേരും. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ അവസാനത്തിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും. 39 അംഗ സമിതിയിൽ ലോക്സഭയിൽ നിന്ന് 27 പേരും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്.

RNU TVPM

*****************************************

## കേന്ദ്രസഹമന്ത്രി -എൽ മുരുഗൻ

രണ്ടു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും. കവയത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന സുഗത സൂക്ഷ്മവനം നാളെ അദ്ദേഹം എറണാകുളം വടുതല ചിന്മയ വിദ്യാലയത്തിൽ ഉദ്ഘാടനം ചെയ്യും. A.P.P.M.V.H.S.S കൊട്ടാരക്കര, Amrita Sanskrit H.S.S പാരിപ്പള്ളി എന്നിവിടങ്ങളിലും സുഗത സൂക്ഷ്മവനം പരിപാടിയുടെ ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. സുഗത സൂക്ഷ്മവനം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന ഒരു തൈ നടാം പദ്ധതി

പുരോഗമിക്കുകയാണ്. അമൃതാനന്ദ മയി മഠവും കേന്ദ്രസഹമന്ത്രി സന്ദർശിക്കും.

*****************************************************

## ഐഎസ്ആർഒ - ചെയർമാൻ (ഇൻട്രോ)

ഐഎസ്ആർഒ യുടെ പുതിയ ചെയർമാനും ബഹിരാകാശ വകുപ്പ് സെക്രട്ടറിയുമായി വി നാരായണനെ കേന്ദ്രം നിയമിച്ചു. നിലവിലെ ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥിന്റെ കാലാവധി അവസാനിക്കുന്നതിനാലാണ് നിയമനം. ഈ മാസം 14 ന് ചുമതലയേൽക്കുന്ന അദ്ദേഹം ഐഎസ്ആർഒയുടെ കേരളത്തിലെ വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് കേന്ദ്രത്തിന്റെ ഡയറക്ടറാണ്. ഐഎസ്ആർഓയുടെ പ്രവർത്തനങ്ങൾ വിജയകരമായി തുടരുകയാണെന്നും ഇന്ത്യക്കായി ഒരു സ്പേസ് സ്റ്റേഷൻ നിർമ്മിക്കാനൊരുങ്ങുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്........)

*****************************************************

## പുസ്തകോത്സവം

മൂന്നാമത് നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. നിയമസഭാ മന്ദിരത്തിൽ ഈ മാസം 13 വരെ നടക്കുന്ന മേളയിൽ 150- ലധികം ദേശീയ അന്തർ ദേശീയ പ്രസാധകർ പങ്കെടുക്കുന്നുണ്ട്. പ്രശസ്ത എഴുത്തുകാരും വിവിധ രംഗങ്ങളിലെ വിദഗ്ധരും പങ്കെടുക്കുന്ന ചർച്ചകൾ, സംവാദങ്ങൾ തുടങ്ങിയവ പുസ്തകോത്സവത്തോട് അനുബന്ധിച്ച് നടക്കും.

*****************************************************

RNU TVPM

## കലോത്സവം-ഇൻട്രോ

തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. വൈകുന്നേരം 5 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ജി.ആർ അനിൽ അധ്യക്ഷനാകുന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ ടൊവിനോ തോമസും ആസിഫ് അലിയും മുഖ്യാതിഥികളാകും. മത്സരങ്ങൾ ഏകദേശം പൂർത്തിയായപ്പോൾ പോയിന്റ് നിലയിൽ തൃശൂരാണ് മുന്നിൽ. കണ്ണൂരും പാലക്കാടുമാണ് തൊട്ടു പിന്നിൽ.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്.........**

**(വോയ്സ്)**

PNU TVPM

*****************************************************

## തിരുവനന്തപുരം ഗതാഗത നിയന്ത്രണം

സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ സമാപന ചടങ്ങുമായി ബന്ധപ്പെട്ട് നഗരത്തിൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ചടങ്ങിൽ പങ്കെടുക്കാൻ എത്തുന്നവർ YMCA ഭാഗത്തുള്ള ഗേറ്റ് വഴി സെൻട്രൽ സ്റ്റേഡിയത്തിനകത്ത് പ്രവേശിക്കേണ്ടതാണ്. ഉച്ചയ്ക്ക് 2 മണി മുതൽ RBI, ബേക്കറി ജംഗ്ഷൻ, വാൻറോസ് ഭാഗങ്ങളിൽ നിന്നും സെക്രട്ടറിയേറ്റ് ഭാഗത്തേക്ക് വലിയ വാഹനങ്ങൾ അനുവദിക്കുന്നതല്ല.

*****************************************************

## പെരിയ കേസ് - ഹൈക്കോടതി

പെരിയ ഇരട്ടക്കൊല കേസിൽ സിബിഐ പ്രത്യേക കോടതി അഞ്ചുവർഷം കഠിന തടവിന് വിധിച്ച നാല് പ്രതികളുടെ ശിക്ഷ

ഹൈക്കോടതി സ്റ്റേ ചെയ്തു. ഉദുമ മുൻ എംഎൽഎ കെ വി കുഞ്ഞിരാമൻ, കെ മണികണ്ഠൻ, രാഘവൻ വെളുത്തോളി , കെ വി ഭാസ്കരൻ എന്നിവരുടെ ശിക്ഷയാണ് സ്റ്റേ ചെയ്തത്. ഇവർ സമർപ്പിച്ച അപ്പീലിലാണ് ജസ്റ്റിസ് പി ബി സുരേഷ് കുമാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

*****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

*****************************************

## പ്രവാസി ഭാരതീയ ദിവസ്

18-ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഒഡീഷയിൽ തുടക്കമായി. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ യുവ പ്രവാസി ഭാരതീയ ദിവസ് പരിപാടിയെ ഇന്ന് അഭിസംബോധന ചെയ്തു. 1915-ൽ മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയതിന്റെ സ്മരണക്കായാണ് എല്ലാവർഷവും ജനുവരി 9 പ്രവാസി ഭാരതീയ ദിവസ് ആയി ആഘോഷിക്കുന്നത്.

RNU TVPM

*****************************************

## തലശ്ശേരി ജില്ലാ കോടതി - മുഖ്യമന്ത്രി

തലശ്ശേരിയിലെ ജില്ലാകോടതി സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 25-ന് ഉദ്ഘാടനം ചെയ്യും. പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പത്തോളം കോടതികളുടെ പ്രവർത്തനോദ്ഘാടനം ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാറും നിർവഹിക്കും. ഉദ്ഘാടനത്തിന് മുന്നോടിയായി നാളെ കോടതി പരിസരത്ത് 15 ചിത്രകാരന്മാർ പങ്കെടുക്കുന്ന പൈതൃക ചിത്രരചന സംഘടിപ്പിക്കും.

*****************************************

## ശബരിമല-ഇൻട്രോ

ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. വിർച്വൽ ക്യൂ ബുക്കിങ്ങും താത്കാലിക ബുക്കിങ്ങും നിജപ്പെടുത്തിയെങ്കിലും അന്തിമ തീരുമാനം ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ചാകും. തിരക്ക് തുടർന്നാൽ നിലക്കലിലും നിയന്ത്രണങ്ങൾ ഉണ്ടാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(വോയ്സ്)

*****************************************

## എരുമേലിയിൽ ഡ്രൈ ഡേ

എരുമേലി പേട്ടകെട്ട്, ചന്ദനക്കുടം എന്നിവ നടക്കുന്ന ജനുവരി 10, 11 തീയതികളിൽ എരുമേലി ഗ്രാമപഞ്ചായത്ത് പരിധിയിൽ മദ്യ-ലഹരിവസ്തു വിൽപനയും വിതരണവും നിരോധിച്ചു. മദ്യഷോപ്പുകൾ ഈ ദിവസങ്ങളിൽ അടച്ചിടണം. മദ്യ-ലഹരിവസ്തു വിൽപന നടക്കുന്നില്ലെന്ന് പൊലീസ്, എക്സൈസ് വകുപ്പുകൾ ഉറപ്പു വരുത്തണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

*****************************************

## ആന ഇടഞ്ഞു-തിരൂർ

മലപ്പുറം തിരൂരിൽ ബി.പി അങ്ങാടി വലിയ നേർച്ചയ്ക്കിടെ ആന ഇടഞ്ഞുണ്ടായ തിക്കിലും തിരക്കിലും നിരവധി പേർക്ക് പരിക്ക്. പാക്കത്ത് ശ്രീക്കുട്ടൻ എന്ന ആനയാണ് ഇടഞ്ഞത്. പുലർച്ചെ 2.15 ഓടെയാണ് പാപ്പാന്മാർ ആനയെ തളച്ചത്.

*****************************************

RNU TVPM

## കൊല്ലം പോലീസ് പട്രോളിങ്.. ഇൻട്രോ

കൊല്ലം സിറ്റി പോലീസിൻറെ പട്രോളിങ് സംവിധാനം ഡിജിറ്റലൈസ് ചെയ്യുന്നതിൻറെ ആദ്യഘട്ടമായി ജിയോ ടാഗിംങ് പൂർത്തീകരിച്ചു. തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി. അജിത ബേഗം ഉദ്ഘാടനം ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.......**

**(വോയ്സ്)**

******************************************

## ഐ ലീഗ്

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഡൽഹി യെ നേരിടും; പഞ്ചാബിലെ മാഹിൽപൂരിൽ ഉച്ചക്ക് രണ്ടു മണിക്കാണ് മത്സരം.

******************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് എഫ്സി ഗോവ - ഹൈദരാബാദ് എഫ്സിയെ നേരിടും. ഗോവയിൽ രാത്രി 7.30 നാണ് മത്സരം.

******************************************

## കണ്ണൂർ ക്രിക്കറ്റ്

തലശ്ശേരിയിലും എറണാകുളത്തും കാസർഗോഡുമായി നടക്കുന്ന 14 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ അന്തർ ജില്ല ഏകദിന ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഈ മാസം 16 വരെയാണ് മത്സരം. ഇന്ന് തലശ്ശേരിയിൽ നടക്കുന്ന മത്സരത്തിൽ കണ്ണൂർ വയനാടുമായി ഏറ്റുമുട്ടും.

RNU TVPM

******************************************

## ഹണി റോസ് - പരാതി

സിനിമാതാരം ഹണി റോസിൻറെ പരാതിയിൽ വ്യവസായി ബോബി ചെമ്മണ്ണൂർ പോലീസ് കസ്റ്റഡിയിൽ. വയനാട് മേപ്പാടി നെല്ലിമുണ്ടയിൽ നിന്നാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്. അതേസമയം, സമൂഹമാധ്യമങ്ങളിൽ ഉണ്ടായ സൈബർ ആക്രമണങ്ങൾ സംബന്ധിച്ച് ഹണി റോസ് ഉന്നയിച്ച പരാതി അന്വേഷിക്കാൻ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചതായി കൊച്ചി സിറ്റി പോലീസ് അറിയിച്ചു.

******************************************

## അർബൻ ബാങ്ക് നിയമന അഴിമതി

അർബൻ ബാങ്ക് നിയമന അഴിമതിയിൽ ബത്തേരി പോലീസ് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു. ഡിസിസി ട്രഷറർ എൻ.എം വിജയന്റെ മരണത്തെ തുടർന്ന് ഉയർന്ന നിയമന അഴിമതി ആരോപണത്തിൽ പൊലിസ് രജിസ്റ്റർ ചെയ്യുന്ന ആദ്യ കേസുകളാണിത്.

RNUTVPM

*************************************************************************************
******************************************